I/351631/2023

ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

**നം-എഫ് 3 - 1464/2023 /ഡി.ഐ.എം.എസ്** ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം - 14,

**തീയതി:17-05-2023**

**സർക്കുലർ**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - 2023 - 24 വർഷത്തേയ്ക്ക് ആവശ്യമായ Drugs & Dressings - ന്റെ Indent ക്ഷണിക്കുന്നത് - സംബന്ധിച്ച്.

2023 - 24 വർഷത്തേയ്ക്ക് ആവശ്യമായ Drugs & Dressings - ന്റെ Indent Centralized Store Management System വഴി സമർപ്പിക്കേണ്ടതാണ്. Centralized Store Management application - ൽ തന്നെ അതാത് സ്ഥാപനമേധാവിക്ക് ലഭിച്ചിട്ടുള്ള log in credential ഉപയോഗിച്ച് ഇ.എസ്.ഐ കോർപ്പറേഷൻ റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെട്ട മരുന്നിന്റെ ഇൻഡന്റ് രേഖപ്പെടുത്താവുന്നതാണ്. 142C, 143C, 144C, 145C, 146C, 149, 150, 151, 152, 153എന്നീ റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെട്ട മരുന്നുകളുടെ ഇൻഡന്റ് ആണ് സമർപ്പിക്കേണ്ടതാണ്.

ഇൻഡന്റ് സമർപ്പിക്കുന്നതിനായുള്ള ലിങ്ക് 2023 മെയ് 18 രാവിലെ 11.00 മണി മുതൽ 2023 മെയ് 25 വൈകീട്ട് 4.30 വരെ ആക്ടീവ് ആയിരിക്കും. Centralized Store Management Application - ൽ കൂടിയല്ലാതെ ഇൻഡന്റ് സമർപ്പിക്കുവാൻ അനുവദിക്കുന്നതല്ല. ഇൻഡന്റ് തയ്യാറാക്കുന്നതിന് താഴെ സൂചിപ്പിക്കും പ്രകാരം തുക അനുവദനീയമാണ്.

* Amount admissible for Dispensary - 400XIP Strength

* Amount admissible for Dispensary

with NCD Clinic - 400X IP Strength

* Amount admissible for Hospital - 200X IP Strength of feeding Dispensaries.

* Amount admissible for Hospital

with NCD Clinic & Pharmacy outlet - 200X IP Strength.

ഇൻഡന്റ് ചെയ്യുമ്പോൾ അടിയന്തിരാവശ്യത്തിനുള്ളതും, ജീവൻരക്ഷ മരുന്നുകൾക്കും മുൻഗണന നൽകേണ്ടതാണ്. മരുന്നുകൾ ലോക്കൽ പർച്ചേസ് മുഖാന്തരം വാങ്ങുന്നതിന്റെയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന്റെയും തോത് കുറയ്ക്കതക്കവിധം ഒരു വർഷത്തേയ്ക്ക് സ്ഥാപനത്തിന് ആവശ്യമായ ഇൻഡന്റ് സമർപ്പിക്കേണ്ടതാണ്.

ആശുപത്രിയുടെ ഇൻഡന്റിന്റെ പൂർണ്ണ ഉത്തരവാദിത്വം സൂപ്രണ്ട്, റസിഡന്റ് മെഡിക്കൽ ഓഫീസർ, എന്നിവർക്കും, ഡിസ്പെൻസറിയുടെ ഇൻഡന്റിന്റെ ഉത്തരവാദിത്വം ഇൻഷുറൻസ് മെഡിക്കൽ ഓഫീസർക്കും ആയിരിക്കും.

ലഭ്യമാകുന്ന മരുന്നുകൾ പൂർണ്ണമായും ഐ.പികൾക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ടെന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതും, സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്താതേയും നോക്കേണ്ടതാണ്

ഇൻഡന്റ് ചെയ്ത മരുന്നുകൾ ഏതെങ്കിലും കാരണവശാൽ Slowmoving, ആയാൽ ബന്ധപ്പെട്ട റീജിയണൽ ഡയറക്ടർ മുഖാന്തരം അവ re-distribute ചെയ്യേണ്ടതാണ്.

I/351631/2023

**ഓൺലൈൻ മുഖേന Indent സമർപ്പിക്കുന്നതിന്റെ വിവരങ്ങൾ**

Indent type : Normal Indent

Indent Notification/ Indent ID : Indent for Drugs 2023-24

Drug Store Management - ന്റെ ലിങ്ക് - 117.216.46.203:8080/yii/cms/web പ്രസ്തുത ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്ത ശേഷം പ്രൊഫൈൽ മെനുവിൽ ലഭ്യമായ Indent/Indent full എന്നീ ബട്ടനുകൾ ഉപയോഗിച്ച് ഇൻഡന്റിംഗ് നിർവഹിക്കാവുന്നതാണ്. ഇൻഡന്റ് സമർപ്പണത്തിനുശേഷം മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ഇൻഡന്റ് എന്ന ബട്ടൻ ഉപയോഗിക്കേണ്ടതാണ്.

ഇൻഡന്റ് " Quantity" നല്കുമ്പോൾ ഓരോ Quantity-യും ഇൻഡന്റ് പേജിൽ പറയുന്ന "units" എത്ര എണ്ണം വേണം എന്ന രീതിയിൽ ആണ് Quantity നൽകേണ്ടത്. ഇൻഡന്റ് സമർപ്പണം പൂർത്തിയായാൽ വെബ്സൈറ്റിൽ ലഭിക്കുന്ന PDF Download ചെയ്ത് ബന്ധപ്പെട്ട അധികാരി ഒപ്പിട്ട് ബന്ധപ്പെട്ട സ്റ്റോർ അധികാരിക്ക് അയച്ചുകൊടുക്കേണ്ടതാണ് ലോഗിൻ ചെയ്യുന്നതിനായി User ID and Password നേരത്തെ നല്കിയിട്ടുള്ളവ ഉപയോഗിക്കേണ്ടതാണ്. ഡിസ്പെൻസറി/ഹോസ്പിറ്റൽ മാറ്റം ഉണ്ടെങ്കിൽ itmgr.ims@kerala.gov.in എന്ന email - ലേയ്ക്ക് ജീവനക്കാരന്റെ /കാരിയുടെ user IDയും പുതിയ സ്ഥാപനത്തിന്റെ പേരും കാണിച്ച് email ചെയ്യേണ്ടതാണ്. പുതുതായി സേവനത്തിൽ വന്നിട്ടുള്ള ജീവനക്കാർക്ക് User ID Create ചെയ്യണമെങ്കിൽ താഴെ കൊടുക്കുന്ന വിവരങ്ങൾ മെഡിക്കലാഫീസർ സാക്ഷ്യപ്പെടുത്തി ഐടി ഡിവിഷനിൽ അയച്ചുതരേണ്ടതാണ്.(Manager, IT Division, Directorate of Insurance Medical Services, Thycaud, Thiruvananthapuram. എന്ന മേൽവിലാസത്തിലോ itmgr.ims@kerala.gov.in എന്ന ഇ മെയിലിലോ അയക്കേണ്ടതാണ്)

(1) Name of Institution :

(2) Name of Pharmacist / medical officer :

(3) Personal email ID :

ഇൻഡന്റ് ആയി ബന്ധപ്പെട്ട RC കൾ പ്രസ്തുത സോഫ്റ്റ് വെയറിലെ Valid RC's എന്ന ലിങ്ക് മുഖേന download ചെയ്ത് എടുക്കാവുന്നതാണ്. ഇൻഡന്റ് ഓൺലൈനായി സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ഓഫീസ് സമയത്ത് 04712323960 extension 309,9495252185 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്

DIRECTOR OF INSURANCE MEDICAL SERVICES

**ഡോ.മാലിനി.എസ്**

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

Signed by
Malini S
Date: 17-05-2023 14:22:44

സ്വീകർത്താവ്

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്,

ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്.

2) എല്ലാ ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാർ

3) എല്ലാ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ

4) സ്റ്റോർ കീപ്പർ, ഇ.എസ്.ഐ സബ്സ്റ്റോർ, ഫോർട്ട് കൊച്ചി, എറണാകുളം.

5) സ്റ്റോർ കീപ്പർ, ഇ.എസ്.ഐ സബ്സ്റ്റോർ, മാങ്കാവ്, കോഴിക്കോട്.

6) സ്റ്റോർ സൂപ്രണ്ട്, സെൻട്രൽ മെഡിക്കൽ സ്റ്റോർ, ഡിംസ്, തൈക്കാട്.

7) IT Division